സ്വീകർത്താവ്

**വിഷയം :** പുകയില നിരോധന നിയമം 2004 പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുകയില രഹിത ബോർഡുകൾ വയ്ക്കുന്നത് സംബന്ധിച്ച്.

**സൂചന;** a. പുകയില നിയന്ത്രണ നിയമം 2004 ഉം തുടർന്നുള്ള നിയമ നടത്തിപ്പ് ഗസറ്റ് വിജ്ഞാപനങ്ങളും

b. No. പി. എച്ച് - 5/ 4272/10/ ആ. വ. ഡ. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കത്ത് Dated 22/9/2008

c. 03/01/2011 - ൽ കൂടിയ പുകയില രഹിത എറണാകുളം പദ്ധതി ഉന്നതതല യോഗ തീരുമാനം

ഓരോ വർഷവും അനേക ലക്ഷം ആളുകളുടെ മരണത്തിന് കാരണമായ പൊതുസ്ഥലത്തെ പുകവലി, നിയമം മൂലം നിരോധിച്ചിട്ട് 30 മാസം പിന്നിട്ടിരിയ്ക്കുകയാണ്. എറണാകുളം ജില്ലാ ഭരണകൂടം, വിവിധങ്ങളായ നടപടികളിലൂടെ പൊതുസ്ഥലത്തെ പുകവലി നിയന്ത്രിച്ചു കൊണ്ടിരിയ്ക്കുകയാണ്. ആയതിന്റെ ഭാഗമായി സന്നദ്ധ സംഘടനകളുമായി ചേർന്ന് **'പുകവലി രഹിത എറണാകുളം'** എന്ന പേരിൽ ഒരു പൊതുജന പങ്കാളിത്ത പുകയില നിയന്ത്രണ പരിപാടി ജില്ലയിൽ നടപ്പിലാക്കിക്കൊണ്ടിരിയ്ക്കുകയാണ്. പുകവലി നിരോധന നിയമം 2004 - സെക്ഷൻ 6 - b അനുസരിച്ച് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും അവയുടെ നൂറ് മീറ്റർ ചുറ്റളവും (ചുറ്റുമതിലിൽ നിന്ന്) 'പുകയില നിരോധന' മേഖലയാണ്.

ഓരോ ദിവസവും 2500 ൽ അധികം ആളുകളുടെ മരണത്തിന് കാരണമാവുന്ന പുകയില ഉപയോഗം മാനവരാശിയുടെ ചരിത്രത്തിലെ ഏറ്റവും അപകടകാരിയായ ഉപഭോഗവസ്തുവാണ്. ഒരിയ്ക്കൽ അടിമപ്പെട്ടാൽ, പുറത്തുകടക്കാൻ വൈഷമ്യമുള്ള ദുശ്ശീലമായ പുകവലിയ്ക്കും പുകയില ഉപഭോഗത്തിനും എതിരെ വരും തലമുറയെ ബോധവത്ക്കരിക്കേണ്ടതും അടിമപ്പെടാതെ സംരക്ഷിയ്ക്കേണ്ടതും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അദ്ധ്യാപകരുടേയും കർത്തവ്യമാണ്. ഓരോ വർഷവും മരണപ്പെടുന്ന ഉപഭോക്താവിനു പകരം പുകയില കമ്പനികൾ കുട്ടികളെയാണ് ലക്ഷ്യം വയ്ക്കുന്നത്.

ആയതിനാൽ സ്കൂളുകളും, രക്ഷിതാക്കളും, അദ്ധ്യാപകരും ഈ മഹാവിപത്തിന്റെ വ്യാപനത്തിനെതിരെ ജാഗരൂകരായിരിയ്ക്കണം. പുകയില നിയന്ത്രണ നിയമം 2004- സെക്ഷൻ 6 ഈ ലക്ഷ്യത്തിനുവേണ്ടിയാണ് ഗവൺമെന്റ് പാസ്സാക്കിയിരിക്കുന്നത്. പ്രസ്തുത നിയമപ്രകാരം സ്കൂളുകളുടെയോ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ, നൂറ് മീറ്റർ ചുറ്റളവിൽ യാതൊരുവിധ പുകയില ഉത്പന്നങ്ങളുടെ ഉപയോഗമോ, വിതരണമോ, വില്പനയോ, പരസ്യപ്പെടുത്തലുകളോ പാടുള്ളതല്ല. നൂറ് മീറ്റർ ചുറ്റളവ് എന്നത് സ്കൂൾ മതിലിന്റെ അല്ലെങ്കിൽ സ്കൂൾ പ്രവർത്തിയ്ക്കുന്ന സ്ഥലത്തിന്റെ അതിർത്തിയിൽ നിന്ന് കണക്കാക്കേണ്ടതാണ്. നമ്മുടെ കുട്ടികളെ ഒരുമഹാവിപത്തിൽ നിന്നും രക്ഷിയ്ക്കാനുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ശ്രമമായിക്കണ്ട് ഈ നിയമത്തിന്റെ നടപ്പാക്കൽ നാം ഏറ്റെടുക്കേണ്ടതാണ്. പുകയില നിയന്ത്രണ നിയമപ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നൂറ് മീറ്റർ ചുറ്റളവ് പുകയില രഹിതമാണ് എന്ന് ഉറപ്പുവരുത്താൻ ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പാൾ/മാനേജർ ന് അധികാരമുണ്ട്. കൂടാതെ എതിർപ്പുകൾ ഉണ്ടായാൽ തൊട്ടടുത്ത പോലീസ് സ്റ്റേഷനിൽ നിന്നും സഹായം തേടാവുന്നതാണ്. ഈ അധികാരം യഥാവിധി വിനിയോഗിച്ചും, പോലീസിന്റെയും, ജില്ലാഭരണകൂടം, സന്നദ്ധസംഘടനകൾ എന്നിവയുടെ സഹായത്തോടെയും നമ്മുടെ സ്കൂളുകളും പരിസരങ്ങളും പുകയില രഹിതമായി പ്രഖ്യാപിക്കണം.

പുകയില രഹിത നിയമം അനുസരിച്ച് നിങ്ങളുടെ സ്ക്കൂൾ പുകയില രഹിതമാക്കാൻ താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.സ്കൂളുകളുടെ പ്രവേശനകവാടങ്ങളിലും പ്രധാന കെട്ടിടത്തിലും പുകവലിരഹിത ബോർഡുകൾ സ്ഥാപിയ്ക്കുക.